# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:959

05.02.2020-ലെ മറുപടി

**ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കണക്ഷൻ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി മുഖേന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കണക്ഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) | നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ ഏതൊരു കുടിവെള്ള പദ്ധതിയിൽ നിന്നും കണക്ഷൻ നൽകുന്ന മാനദണ്ഡങ്ങൾ (KWS&S Act, KWA (WS) Regulations എന്നിവയിൽ പ്രതിപാദി ച്ചിരിക്കുന്നത്) തന്നെയാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും കണക്ഷൻ നല്കുന്നതിനും അനുവർത്തിക്കുന്നത്. വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനാവശ്യമായ രേഖകളും ആധാർ/റേഷൻ കാർഡ് തുടങ്ങിയ മറ്റ് തിരിച്ചറിയൽ രേഖകളും അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച ശേഷം അപേക്ഷകൻ ആവശ്യപ്പെടുന്ന സ്ഥലത്ത് കണക്ഷൻ 'feasible' ആണെങ്കിൽ ആവശ്യമായ ഫീസ് അപേക്ഷകൻ ഒടുക്കുന്ന പക്ഷം കണക്ഷൻ നൽകുന്നതാണ്. |
| (ബി) | തിരുവനന്തപുരം സിറ്റിയിൽ മുൻപ് വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള പല ഭാഗങ്ങളിലും ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കിയതുമൂലം പഴയ പൈപ്പ് ലൈനുകളിൽ കുടിവെള്ളം തീരെ ലഭിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | തന്മൂലം തിരുവനന്തപുരം സിറ്റിയുടെ പലഭാഗങ്ങളിലും ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കളിൽ നിന്നും പ്ലംബർമാർ വൻതുക വസൂലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | പ്ലംബർമാരുടെയും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാരുടെയും ചൂഷണം ഒഴിവാക്കുന്നതിനും വാട്ടർ കണക്ഷൻ | (ഡി) | വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ച് കൊണ്ട് KWA/ HO/RMC/R1/1088/2013 എന്ന നമ്പരായി |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ലഭിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ചുകൊണ്ടുള്ള ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുമോ; വിശദമാക്കാമോ? | | 16.07.2013 ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡർ പ്രകാരം അപേക്ഷകന് ആവശ്യമെങ്കിൽ പ്ലംബർ മുഖാന്തിരമല്ലാതെ നേരിട്ട് ഡിപ്പാർട്ട്മെന്റിൽ വാട്ടർ കണക്ഷനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത് കൂടാതെ KWA/JB/DBA/14707/2017 എന്ന 20.02.2019 ലെ ഉത്തരവ് പ്രകാരം ഗാർഹിക കണക്ഷൻ എടുക്കുന്നതിനായി മുദ്ര പത്രത്തിൽ തയ്യാറാക്കേണ്ട എഗ്രിമെന്റിന് പകരം ഒരു സാക്ഷ്യപത്രം (undertaking) സമർപ്പിച്ചാൽ കണക്ഷൻ നൽകുന്നതിന് വാട്ടർ കണക്ഷന്റെ നടപടി ക്രമങ്ങൾ സുതാര്യമാക്കുവാനായി ഓൺലൈൻ സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വാട്ടർ കണക്ഷൻ നൽകുന്ന വിധം ഏകീകരിക്കുന്നതിനും പ്ലംബർമാർ ഈടാക്കുന്ന നിരക്ക് ഏകീകരിക്കുന്നതിനും മാർഗ്ഗ നിർദേശങ്ങൾ ഉൾക്കൊള്ളിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച പ്രവർത്തികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു . |

**സെക്ഷൻ ഓഫീസർ**